14 -ാം കേരള നിയമസഭ

22 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235 **22-01-2021 - ൽ മറുപടിയ്ക്ക്**

പ്രളയ നിയന്ത്രണത്തിനുള്ള റെഗുലേറ്ററുകളും ഡാമുകളും

ചോദ്യം		ഉത്തരം	
ശ്രീ. എസ്. രാജേന്ദ്രൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. കെ.യു. ജനീഷ് കുമാർ, ശ്രീ വി. കെ. സി. മമ്മത് കോയ		Shri. K. Krishnankutty (ജലവിഭവ വകുപ്പുമന്ത്രി)	
(എ)	സംസ്ഥാനത്ത് തീവ്രമഴ ആവർത്തിച്ചുണ്ടാകുന്ന സാഹചര്യത്തിൽ പ്രളയ നിയന്ത്രണത്തിന് റെഗുലേറ്ററുകളും ഡാമുകളും നിർമ്മിക്കാൻ പദ്ധതിയുണ്ടോ;	(എ)	ഉണ്ട്. പെരിയാർ, മണിമല, മീനച്ചിൽ, ചാലിയാർ, ചാലക്കുടി എന്നീ നദികളിൽ പ്രളയ നിയന്ത്രിത ഡാമുകളുടെ സാധ്യതാ പഠനം വിശകലനം ചെയ്തു വരുന്നു. കൂടാതെ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-1 ഓഫീസിന് കീഴിൽ പാലക്കാട് ജില്ലയിൽ കുരിയാർകുറ്റി കാരപ്പാറ പദ്ധതി (SAKKIP), ഭവാനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള അട്ടപ്പാടി ജലസേചന പദ്ധതി , വയനാട് ജില്ലയിൽ കബനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള കടമൻതോട് പദ്ധതി എന്നിവയ്ക്കായി നിർമ്മിക്കുന്ന ഡാമുകൾ പ്രളയ വേളകളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കു ന്നതിന് കൂടി ഉദ്ദേശിച്ച് ഉള്ളവയാണ്.
(ബി)	പ്രളയം സൃഷ്ടിക്കാനിടയുള്ള നാശനഷ്ടം കുറയ്ക്കുന്നതിന് ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ;	(ബി)	ഉണ്ട്. കേരള സർക്കാരിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള ജലവിഭവ വിവര സംവിധാനം (Kerala Water Resources Information System) വേഗത്തിൽ നടപ്പിലാക്കുന്നതിനും, വിവിധ വകുപ്പുകളിൽ നിന്നുമുള്ള സുഗമമായ വിവരശേഖരണത്തിനും, വകുപ്പിന്റെ പ്രവർത്തനവും ആസൂത്രണവും മെച്ചപ്പെട്ടു ത്തുന്നതിനുംവേണ്ടിയാണ് സംയോജിത നിർദ്ദേശ നിയന്ത്രണകേന്ദ്രം(Integrated Command and Control Centre) വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്ന പ്രധാനലക്ഷ്യങ്ങൾ താഴെപറയുന്നു. 1. പ്രളയ പ്രവചനവും മുന്നറിയിപ്പ സംവിധാനവും (1Flood Forecasting and Early Warning System) വികസിപ്പിക്കൽ. 2. ജലസംഭരണികളുടെ സംയോജിത പ്രവർത്തനവും മാനേജ്മെന്റും (Integrated Reservoir Operation and Management) വികസിപ്പിക്കൽ. 3. നദികളുടെ പുനരുജ്ജീവനം (Rejuvenation of Rivers) 4. ഭാരതപ്പുഴയുടെ വരൾച്ചയും പ്രളയവും

			കണക്കിലെടുത്ത് വികസിപ്പിക്കുന്ന തീരുമാന - പിന്തുണാ സംവിധാനം (Decision Support System for Bharathapuzha) കൂടാതെ വകുപ്പിലെ ഹൈഡ്രോളജിക് മോഡലിന്റെ പരിശീലനം ലഭിച്ചവരിൽ നിന്നും ഒരു സാങ്കേതിക സംഘം രൂപീകരിച്ച് കേരളത്തിലെ എല്ലാ നദീതടങ്ങളുടെയും മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരത്തെ ജല വിജ്ഞാന ഭവനിലാണ് ഈ കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.
(സി)	ദുരന്തനിവാരണ നിധി ഉപയോഗിച്ച് ജലവിഭവ വകുപ്പ് നടത്തി വരുന്ന പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ;	(സി)	2018 ലെ മഹാ പ്രളയത്തിൽ ജലസേചന വകുപ്പിലെ നിർമ്മിതികൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിലൂടെ (SDRF) 536.27 കോടി രൂപയുടെ കേന്ദ്ര ധനസഹായം ലഭിക്കുകയുണ്ടായി. നിലവിൽ 527.45 കോടി രൂപയുടെ 6913 പദ്ധതികൾ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 316.05 കോടി രൂപയുടെ 5121 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇതിൽ ചീഫ് എഞ്ചിനീയർ, ഐഡിആർബി ഓഫീസിന് 1237.70 ലക്ഷം രൂപ ലഭിക്കുകയും അത് ഉപയോഗിച്ച് ദുരന്തത്തിൽ തകർന്നുപോയ ജലവിതരണ ശൃംഖലയും, ഹൈഡ്രോളജി ഉപകരണങ്ങൾ പുനർ നിർമ്മിക്കുന്നതിനും 122 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിൽ 100 എണ്ണം പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1 ഓഫീസിനുകീഴിൽ പുരോഗമി ക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധം-I ആയി ചേർക്കുന്നു. ചീഫ് എഞ്ചിനീയർ പ്രോജക്ട്-2 ഓഫീസിനുകീഴിൽ പുരോഗമി ക്കുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധം -II ആയി ചേർക്കുന്നു. ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജിനുകീഴിൽ കുട്ടനാട് നിയോജക മണ്ഡലത്തിൽ കൈനകരി പഞ്ചായത്തിൽ കനകാശ്ശേരി പാടശേഖരത്തിലെ മടയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 68,50,000/- രൂപ ചെലവഴിച്ച് താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
(ഡി)	അഞ്ഞൂറ് കോടി രൂപയുടെ ജലസേചന പദ്ധതിയായ അട്ടപ്പാടി പദ്ധതിക്ക് പ്രാരംഭം കുറിക്കാനായിട്ടുണ്ടോ; പദ്ധതി കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ അറിയിക്കാമോ?	(ഡി)	497 കോടി രൂപയുടെ അട്ടപ്പാടി ജലസേചന പദ്ധതി, പ്രാരംഭ നടപടിയെന്നനിലയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പരിസ്ഥിതി ആഘാത പഠനത്തിന്റേയും കേന്ദ്ര ജലകമ്മീഷനിൽനിന്നും

			Detailed Project Report (DPR) ന്റെയും അംഗീകാരത്തിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു., പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു. 1. അട്ടപ്പാടി ബ്ലോക്കിലെ അഗളി, കൊട്ടത്തറ ഷോളയാർ മേഖലയിലെ 4255 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചന സൗകര്യം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. 2, അട്ടപ്പാടിയിലെ സാമൂഹിക സാമ്പത്തിക വികസനത്തിന് ഗുണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്തെന്നാൽ പദ്ധതി പ്രദേശത്ത് കാർഷിക മേഖലയല്ലാതെ (വ്യവസായ നിർമ്മാണം) തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ സമീപ നിവാസികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതാണ്. 3. ജലസേചനത്തിലൂടെ വിള വിസ്തൃതിയും, Cropping Intensity യും വർദ്ധിക്കുന്നതിലൂടെ കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയും. 4. കന്നുകാലി വളർത്തലും പാലുൽപാദനവുമാണ് അട്ടപ്പാടിയിലെ മറ്റൊരു തൊഴിൽ മേഖല ആയതിനാൽ ഇതിനനുയോജ്യമായ സാഹചര്യം നൽകാനും കഴിയും. 5. പ്രസ്തുത പദ്ധതിയിലൂടെ വിനോദ സഞ്ചാര മേഖലയുടെ വികസനം ലക്ഷ്യമിടുന്നു. സൈലന്റ് വാലിയുടെയും കോയമ്പത്തൂർ സിറ്റിയുടെയും സാമിപ്യം വിനോദ സഞ്ചാരികളെ കൂടുതലാകർഷിക്കുന്നതിന് സഹായിക്കുന്നു. 6. Cauvery Water Dispute Tribunal Award മുഖാന്തിരം കേരളത്തിനു ലഭിച്ച ജലവിഹിതം (ഭവാനി ബേസിൻ) ഉപയോഗപ്പെടുത്തുവാൻ പ്രസ്തുത പദ്ധതി മുഖാന്തിരം സാധിക്കും.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

Chief Engineer PI · SDRF Progress Report (Division wise

As on [illegible]

Name of Project	Name of Division	As per approval of the Apex Committee		Works Dropped		New works taken up in place of dropped works		Works with division after dropping and rearranging		AS issued		TS issued		Tendered works		Agreement executed		Works Completed		Percentage Progress wrt No:of works	Expenditure till date including pending bill (in lakh)	Percentage of Progress w.r.t to amount
		No.of works	Amount in Lakhs	No.of works	Amount in Lakhs	No.of works	Amount in Lakhs	No.of works	Amount in Lakhs	No.of works	Amount in Lakhs	No.of works	Amount in Lakhs	No.of works	Amount in Lakhs	No.of works	Amount in Lakhs	No.of works	Amount in Lakhs		Amount in Lakhs	
Pazhassi Irrigation Project	PIP Dn.Kannur	93	1715.99	8	90	8	90	93	1715.99	93	1715.99	93	1715.99	93	1715.99	92	1697.09	43	849.5	46.24	635.72	37.05
Banasurasagar Project	Banasura sagar Project Division Padinjarathara	2	3	2	3	0	0	0	0	0	0	0	0	0	0	0	0	0	0	0.00	0	0
Karapuzha Irrigation Project	KRP Dn. Kalpetta	16	58.68	2	4.27	0	0	14	54.41	14	54.41	14	54.41	14	54.41	14	46.66	13	43.04	92.86	32.67	60.04
Kuttiyadi irrigation Project	KIP Dn. Perambra	127	1935.85	25	421.1	37	428.37	139	1943.12	139	1910.5	139	1910.3	139	1910.3	131	1589.43	94	1371.92	67.63	963.66158	49.59
Kanjirapuzha Irrigation Project	KPIP Dn. Kanjirapuzha	104	875.94	0	0	1	8.4	105	884.34	104	874.43	104	874.43	104	874.43	95	575.61	67	324.071	63.81	261.58	29.58
Malampuzha Irrigation Project	Irrigation Dn. Malampuzha	143	1585.2	8	65.6	10	65.6	145	1585.2	145	1585.2	145	1556.7	145	1542.16	142	1310.329	92	871.248	63.45	871.248	55.68
Mangalam Project		18	370	1	15	1	15	18	370	18	370	18	370	18	299.65	18	298.43	15	278.86	83.33	230.47	82.29
Pothundy Project		10	101.19	0	0	0	0	10	101.19	10	101.19	9	98.48	9	74.25	9	74.25	8	75.61	80.00	75.64	74.75
Cheramangalam Scheme		5	75	0	0	0	0	5	75	5	75	5	75	5	64.42	5	64.42	5	69.39	100.00	69.39	92.52
Chitturpuzha Project	Irrigation Dn. Chittur	204	2617.64	10	125.98	12	125.98	206	2617.64	206	2751.69	206	2730.29	206	2736.29	176	2016.481	137	1492.35	66.50	1492.35	52.96
Walayar Project		29	324.99	0	0	0	0	29	324.99	29	312.43	29	311.133	29	311.133	26	258.74	17	158.39	58.62	158.30	46.74
Meenkara Project		68	455.52	0	0	0	0	68	455.52	68	459.2	68	456.22	68	456.22	62	328.01	48	179.71	70.59	179.71	39.45
Chulliyar Project		17	163.37	1	8.4	0	0	16	154.97	16	149.46	16	145.02	16	145.32	13	84.55	10	80.28	62.60	80.28	51.80
TOTAL		838	10462.37	57	733.35	67	733.35	848	10462.37	847	10339.6	846	10293.97	846	10156.27	785	8321.95	549	5792.169	64.74	6051.10668	46.78

അനുബന്ധം - II

PVIP Division II Aluva

Sl. No.	Name of Work	Amount (in Lakhs)	remarks
1	PVIP-Flood damage - Restoration of canal bunds damaged during flood 2018 in Karukappilly Branch Canal at ch. 0.80m.	1.50	completed
2	PVIP-Flood damage - Restoration of canal bunds damaged during flood 2018 in Karukappilly Branch Canal at ch. 0.50m.	1.50	"
3	PVIP-Flood damage - Restoration of canal bunds damaged during flood 2018 in Karukappilly Branch Canal at ch. 0.95m.	1.50	"
4	PVIP-Flood damage - Restoration of canal bunds damaged during flood 2018 in Karukappilly Branch Canal at ch. 0.65m.	1.50	"
5	PVIP-Natural calamity - Rain damages temporary rectification works to Kanjiramattam MD at ch. 4.00km..	1.00	"
	Total	**7.00**	

PVIP Division I Perumbavoor

4. DISASTER WORKS			
1	PVIP Urgent rectification works near Ch 100 m of Kodanad MD for preventing side slip	1.5	completed
2	PVIP Urgent rectification works near Ch 4.988 Km of Kodanad east branch canal for preventing side slip	1.5	"
3	PVIP Urgent rectification works to the overflow portion of Vazhappilly MD near Ch 2.5 Km for the year 2018-19	1.5	"
4	PVIP Urgent rectification works near Ch 4.975 Km of Kodanad east Branch canal for preventing side slip	1.5	"
		6	

IIP Division II Chalakudy

1	CRDS-Flood damage works-Rectification works in LBMC bet ch 0/230km-0/290 km	1.50	work completed
2	CRDS-Flood damage works-Rectification works in LBMC bet ch 0/300km-0/320 km	1.00	work completed
3	CRDS-Flood damage works-Rectification works in LBMC bet ch 0/330km-0/360 km	1.50	work completed

4	CRDS-Flood damage works-Rectification works in LBMC bet ch 0/370km-0/400 km	1.50	work completed
5	CRDS-Flood damage works-Rectification works in LBMC bet ch 0/420km-0/450 km	1.50	work completed
	Total	7	

സെക്ഷൻ ആഫീസർ